**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 350** **22-02-2022 - ൽ മറുപടിയ്ക്ക്**

**വാഹന പാർക്കിംഗ് ഫീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | 1999-ലെ കെ.എം.ബി.ആർ., 2019-ലെ കെ.പി.ബി.ആർ. എന്നിവ പ്രകാരം നിർമ്മിച്ച വാണിജ്യ/കച്ചവട കെട്ടിടങ്ങളുടെ പാർക്കിംഗ് ഏരിയകളിൽ പാർക്ക് ചെയ്യുന്ന വാഹനങ്ങളിൽ നിന്നും ഫീസ് ഈടാക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | വ്യവസ്ഥ ചെയ്തിട്ടില്ല. |
| (ബി) | സംസ്ഥാനത്തെ വിവിധ മുനിസിപ്പൽ കോർപ്പറേഷനുകളിൽ ഇപ്രകാരം നിർമ്മിച്ച കെട്ടിടങ്ങളിൽ വാഹന പാർക്കിംഗ് ഈടാക്കുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം ലഭിച്ച പരാതികളിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് എന്നതിന്റെ വിശദവിവരം നൽകുമോ; | (ബി) | ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതികളിന്മേൽ അന്വേഷണം നടത്തി അടിയന്തിര റിപ്പോർട്ട് ലഭ്യമാക്കുവാൻ ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | ഇപ്രകാരം പാർക്കിംഗ് ഫീസ് ഈടാക്കുന്നത് നിയമ വിരുദ്ധമാണെന്നും ഫീസ് ഈടാക്കിയാൽ ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമെന്ന തരത്തിൽ നിയമഭേദഗതി കൊണ്ടുവരാൻ തയ്യാറാകുമോ? | (സി) | നിയമഭേദഗതി സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ